# അവയവം ജീവിക്കട്ടെ, ആയുസ്സും കടന്ന്

## അവയവദാന രംഗത്ത് ഇപ്പോഴും അജ്ഞതയും അലംഭാവവും

‘ദയവുചെയ്തു നിങ്ങളുടെ അവയവങ്ങൾ സ്വർഗത്തിലേക്കു കൊണ്ടുപോകരുത്. ഭൂമിയിലാണതിന്റെ ആവശ്യമെന്നു സ്വർഗത്തിനറിയാം.’ വിദേശത്തു പ്രചാരത്തിലുള്ള ഈ സ്വർഗീയ ചിന്തയ്ക്കു പക്ഷേ, ഇന്ത്യയിൽ കാര്യമായ പ്രതിഫലനമില്ല എന്നതാണു യാഥാർഥ്യം. മൃതിയുടെ അരികിൽനിന്നു തിരികെ കൊണ്ടുവരാവുന്ന എത്രയെത്ര ജീവനാണ് അവയവദാനത്തിനു നാം മടിക്കുന്നതിലൂടെ ദിനംപ്രതി കൈവിട്ടുപോകുന്നത്? നിത്യദുരിതത്തിൽനിന്ന് എത്ര പേരെ മോചിപ്പിക്കാനുള്ള അവസരമാണ് ഉൾക്കാഴ്ചയില്ലായ്മയിലൂടെ നാം നിത്യേന പാഴാക്കുന്നത്? ഈ ലോകത്തു തുടരാൻ മറ്റു ചിലർക്കുകൂടി അവസരമൊരുക്കുന്ന അവയവദാനം എന്ന മഹനീയ സന്ദേശത്തിന്റെ പ്രസക്തി മുൻപെന്നത്തെയുംകാൾ വർധിച്ചുവരികയാണിപ്പോൾ.

‘മലയാള മനോരമ’ ലേഖകരുടെ അന്വേഷണത്തിൽ കണ്ടെത്തിയത് അവയവദാനരംഗത്തെ അവബോധത്തിന്റെ കുറവും പരിഷ്കൃതസമൂഹത്തിനു ഭൂഷണമല്ലാത്ത അലംഭാവവും സാമൂഹികബോധമില്ലായ്മയുമാണ്. ആ കണ്ടെത്തലുകളാണ് ‘അവയവം - ആയുസ്സും കടന്ന്’ എന്ന പരമ്പരയിലേക്കു നയിച്ചത്. പ്രതീക്ഷ പകരുന്ന ചില വ്യക്തികളെ, ചില കൂട്ടായ്മകളെ, മുന്നേറ്റങ്ങളെ ആ അന്വേഷണത്തിൽ കണ്ടില്ലെന്നല്ല. പക്ഷേ, അതൊന്നും നമുക്കാകാവുന്നതിന്റെ അംശംപോലുമാകുന്നില്ലല്ലോ.

ആർക്കും, എപ്പോൾ വേണമെങ്കിലും രോഗം വരാം. ആധുനിക ജീവിതസാഹചര്യങ്ങളാകട്ടെ, രോഗികളുടെ എണ്ണം ക്രമാതീതമായി വർധിപ്പിക്കുകയും ചെയ്തിരിക്കുന്നു. രോഗാവസ്ഥയ്ക്കു മുന്നിൽ പകച്ചുനിൽക്കുകയാണു സമൂഹം. രോഗം ചിലപ്പോൾ കുടുംബങ്ങളെയാകെ തന്നെ സാമ്പത്തികമായും മാനസികമായും തകർത്തുകളയുന്നു. വൃക്കരോഗബാധിതർ ഒരുദാഹരണം മാത്രം. ഡയാലിസിസിന്റെ വേദനയും സാമ്പത്തികബാധ്യതയും താങ്ങാനാകാതെ എത്രയോ ജീവിതങ്ങൾ നമുക്കരികിൽ പിടയുന്നുണ്ട്. വൃക്ക മാറ്റിവയ്ക്കേണ്ട സാഹചര്യം വരുമ്പോൾ സങ്കീർണമായ നിയമവ്യവസ്ഥയുടെ നീരാളിപ്പിടിത്തത്തിൽ രോഗിയും വീട്ടുകാരും വലയുന്ന കാഴ്ചയാണ് ഇതിനൊപ്പം നാം കാണുന്നത്.

അവയവദാനത്തിനുള്ള മെഡിക്കൽ ബോർഡിന്റെ അനുമതിക്കായി കാത്തിരിപ്പു നീളുകയും ഒടുവിൽ മരണം വന്നു കൂട്ടിക്കൊണ്ടുപോവുകയും ചെയ്ത പല സങ്കടസംഭവങ്ങളും കേരളം കണ്ടുകഴിഞ്ഞു. അനുമതിക്കു വേണ്ടി എത്തിച്ച ഒട്ടേറെ രേഖകളിലൊന്നിൽ മജിസ്ട്രേട്ടിന്റെ ഒപ്പുകളിലൊന്നിന് അൽപം നീളക്കൂടുതലാണെന്ന തടസ്സവാദമുന്നയിച്ച് ഒരു ജീവനു നിസ്സാരവില കൽപിച്ച അധികൃതരെയും കണ്ടു. കോടതിയെപ്പോലും ആശ്ചര്യപ്പെടുത്തിയതായിരുന്നു ഈ തടസ്സവാദം. അവയവദല്ലാളന്മാരാവട്ടെ, നിയമങ്ങളെയെല്ലാം നിഷ്പ്രയാസം മറികടക്കുകയും വൻതുകയ്ക്കു കച്ചവടമുറപ്പിക്കുകയും ചെയ്യുന്നു. ആ അനുഭവങ്ങൾ വായിച്ചവരൊക്കെ രോഗിയോട് അനുകമ്പയുള്ള, ജീവനോടു ദയയുള്ള വ്യവസ്ഥിതിക്കായി പ്രാർഥിച്ചിട്ടുണ്ടാവണം.

പരമ്പരയെ തുടർന്ന്, സമൂഹത്തിലെ പ്രമുഖരിൽ നിന്നുണ്ടായ പ്രതികരണങ്ങൾ ഈ വിഷയത്തിലുണ്ടാവേണ്ട നാടുണർത്തലിന്റെ ആവശ്യകതയിലേക്കു വിരൽചൂണ്ടുന്നു. നേത്രദാനം എന്നാൽ കണ്ണു ചൂഴ്ന്നെടുക്കലല്ലെന്നാണ് ആ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാട്ടിയത്. ഈയിടെ കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയയായ സ്വാതി കൃഷ്ണ എന്ന പെൺകുട്ടിക്കു കരൾ പകുത്തുനൽകിയ ചെറിയമ്മ റെയ്നി എന്ന നാട്ടുമ്പുറത്തുകാരി വീട്ടമ്മ മഹാദാനത്തിന്റെ മാതൃകയായി നമുക്കു മുന്നിലുണ്ട്. സ്വമേധയാ അവയവദാനത്തിനു മുതിർന്ന ഫാ. ഡേവിസ് ചിറമ്മൽ എന്ന വൈദികനും കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി എന്ന വ്യവസായിയും ഉണ്ട്. മാതൃകയാകുന്നതിനു പുറമേ മഹത്തായ സന്ദേശം സമൂഹത്തിലെത്തിക്കാൻ ശ്രമം തുടരുകയുമാണവർ. മാതൃകയാക്കാവുന്ന ചില യുവാക്കളുടെ കൂട്ടായ്മകളും അന്വേഷണത്തിനിടെ കാണാനിടയായി.

അവയവദാനം ജീവിച്ചിരിക്കുമ്പോഴും മരിച്ചശേഷവുമാകാം. മറ്റൊരു ജീവൻ നിലനിർത്താനായി സ്വന്തം ശരീരത്തിന്റെ തനിക്കത്യാവശ്യമില്ലാത്ത ഒരു ഭാഗം പൂർണ മനസ്സോടെ മറ്റൊരാൾക്കു നൽകുന്നതു മഹനീയമായ ദാനംതന്നെ. ഈ മഹാദാനങ്ങൾ ദൈവം കയ്യൊപ്പിടുന്നതാണെന്നു കൂടി തിരിച്ചറിയുമ്പോൾ അതിനു വിശുദ്ധമായ സൗന്ദര്യം കൂടിയുണ്ടാവുന്നു. അവയവദാനത്തിന്റെ ആ വലിയ സന്ദേശം സ്വന്തം ജീവിതംകൊണ്ട് എഴുതുന്നവരുടെ എണ്ണം കൂടിവരികയാണെന്നതു പ്രത്യാശാഭരിതമാണ്. മറ്റൊരാൾക്കു ജീവനോ കാഴ്ചയോ പകർന്ന് നമ്മുടെ അവയവം നാമോരോരുത്തരുടെയും ആയുസ്സിനപ്പുറത്തേക്കും ജീവിക്കുന്ന അനശ്വരതയിലേക്ക് ഈ മുന്നേറ്റം വളരട്ടെ.